# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5912** **09.07.2012 ൽ മറുപടിക്ക്**

**ആധുനിക രീതിയിൽ റോഡുകളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ:<br>'' റ്റി.എൻ. പ്രതാപൻ:<br>'' തേറമ്പിൽ രാമകൃഷ്ണൻ:<br>'' വി.പി. സജീന്ദ്രൻ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആധുനിക രീതിയിൽ റോഡ് നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ. റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്ന പേരിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പാക്കേജുകൾക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയത് ആരാണ്; | (സി) ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനമാണ് സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ